**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3899 **24.08.2017**-ലെ മറുപടിക്ക്

<u>പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ. ശശി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാർ കാലയളവിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളും നൽകിയിരുന്നു; വിശദാംശം ലഭ്യമാക്കുമോ; | (എ) | മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയിരുന്ന സഹായങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിലവിലെ സർക്കാർ ഇവയിൽ ഏതെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു നൽകി; വിശദാംശം ലഭ്യമാക്കുമോ; | (ബി) | എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്ന ശേഷം ചുവടെ കൊടുത്തിരിക്കുന്ന സഹായങ്ങളും ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.<br>1. പ്രീമെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം 25% വർദ്ധിപ്പിച്ചു.<br>2. മിശ്രവിവാഹ ധനസഹായം, വിവാഹ ധനസഹായം എന്നീ ആനുകൂല്യങ്ങൾ 50,000/- രൂപയിൽ നിന്നും 75,000/- രൂപയായി വർദ്ധിപ്പിച്ചു.<br>3. വിദേശ തൊഴിൽ ധനസഹായ പദ്ധതി പ്രകാരം അനുവദിക്കുന്ന ആനുകൂല്യം 50,000/- രൂപയിൽ നിന്നും 1,00,000/- രൂപയായി വർദ്ധിപ്പിച്ചു. |

| | | | |
|---|---|---|---|
| | | | 4. വിവാഹ ധനസഹായത്തിനുള്ള കുടുംബവാർഷിക വരുമാന പരിധി നിലവിലുള്ള 50,000/- രൂപയിൽ നിന്നും 1,00,000/- രൂപയായി വർദ്ധിപ്പിച്ചു.<br>5. മിശ്രവിവാഹ ധനസഹായത്തിനുള്ള കുടുംബ വാർഷിക വരുമാന പരിധി 40,000/- രൂപയിൽ നിന്നും 1,00,000/- രൂപയായി വർദ്ധിപ്പിച്ചു.<br>6. പെരിപ്പതറ്റിക്/ഏകാധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്ക് പ്രതിവർഷ യൂണിഫോം അലവൻസ് 400 രൂപയിൽ നിന്ന് 500 രൂപയായും കുട്ടികളുടെ പ്രതിദിന ഭക്ഷണ ചെലവ് 15 രൂപയിൽ നിന്നും 40 രൂപയായും വർദ്ധിപ്പിച്ചു.<br>7. അരിവാൾ രോഗികൾക്ക് സാന്ത്വനം - പ്രതിമാസം 2000 രൂപയിൽ നിന്നും 2500/- രൂപയായി വർദ്ധിപ്പിച്ചു. |
| (സി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ സ്വന്തമായ വീടോ, വീട്ടുവയ്ക്കാൻ സ്ഥലമോ ഇല്ലാത്തവർ എത്രയെന്നു വെളിപ്പെടുത്തുമോ ; | (സി) | 2009-ൽ കില നടത്തിയ സർവ്വെ പ്രകാരം സംസ്ഥാനത്ത് 30,698 ഭൂരഹിതരായ പട്ടികജാതിക്കാരും 26,210 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളും ഉണ്ട്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂരഹിതരായ 11,594 പേരും സ്വന്തമായി ഭൂമിയുള്ളവരിൽ ഭവനരഹിതരായ 15,176 പേരും ഉണ്ട്. |
| (ഡി) | അവർക്ക് വീട്ടുവയ്ക്കുവാനും സ്ഥലമില്ലാത്തവർക്ക് സ്ഥലമുൾപ്പെടെ വീട് നൽകാനും ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ? | (ഡി) | ഗ്രാമപ്രദേശത്ത് സ്വന്തമായി രണ്ട് സെന്റും, നഗര പ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നര സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതരായ പട്ടികജാതിക്കാർക്ക് 3,00,000/- രൂപ 4 ഗഡുക്കളായി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നു. നിലവിൽ സ്ഥലം ഇല്ലാത്ത പട്ടികജാതിക്കാർക്ക് സ്ഥലം ലഭ്യമാക്കുന്നതിന് ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം |

| | | | |
|---|---|---|---|
| | | | അനുവദിച്ചു വരുന്നു. ഭൂമി വാങ്ങുന്നതിനായി ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 5 സെന്റ് ഭൂമിയ്ക്ക് 3.75 ലക്ഷം രൂപയും, മുനിസിപ്പാലിറ്റികളിൽ കുറഞ്ഞത് 3 സെന്റ് ഭൂമിയ്ക്ക് 4.50 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ കുറഞ്ഞത് 3 സെന്റ് ഭൂമിയ്ക്ക് 6 ലക്ഷം രൂപയും അനുവദിക്കുന്നു. കൂടാതെ ഭൂരഹിതരും ഭവനരഹിതരും വേടൻ, നായാടി, ചക്ലിയ/അരുന്ധതിയാർ, കള്ളാടി എന്നീ ദുർബ്ബല സമുദായത്തിൽ ഉൾപ്പെട്ടവരുമായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങി വീട് വെയ്ക്കുന്നതിന് 7.25 ലക്ഷം രൂപ അനുവദിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് 'ഭൂമി വാങ്ങി നൽകൽ പദ്ധതി', ആദിവാസി പുനരധിവാസ വികസന മിഷൻ തുടങ്ങിയ പദ്ധതികൾ പ്രകാരം ഭൂമി ലഭ്യമാക്കി വരുന്നു. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ജനറൽ ഹൗസിംഗ് പദ്ധതി, എ.റ്റി.എസ്.പി ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി വീടുകൾ അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ വനബന്ധു കല്യാൺ യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയും വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇവ കൂടാതെ ഗ്രാമ വികസന വകുപ്പ് മുഖാന്തിരം പി.എം.എ.വൈ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയും പട്ടികവർഗ്ഗക്കാർക്ക് വീടുകൾ അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## മുൻ സർക്കാരിന്റെ കാലത്ത് നൽകിയിരുന്ന സഹായങ്ങളും ആനുകൂല്യങ്ങളും

### പട്ടികജാതി വിഭാഗം

1) ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി
2) ഭവനരഹിതർക്ക് ഭവന നിർമ്മാണം
3) പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ
4) പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്
5) മരാമത്തും കെട്ടിടവും
6) പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും
7) പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി)
8) പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം
9) പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം.
10) വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്
11) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം
12) തൊഴിലിനും പരിശീനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം
13) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് -എസ്.സി.പി (51% സംസ്ഥാന വിഹിതം)
14) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം(സംസ്ഥാന വിഹിതം)
15) പൗരവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)
16) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ, പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി. എസ്.സി.പി.
    a) പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് കളിക്കോപ്പുകളും പഠന സാമഗ്രികളും വാങ്ങുന്നതിനും അധ്യാപകർക്ക് ഹോണറേറിയം നൽകുന്നതിനുമുള്ള പദ്ധതി.
    b) ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നതിനുള്ള പദ്ധതി
    c) പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി
17. പ്രത്യേക ഘടകപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായം

ഇതിനു പുറമേ കേന്ദ്ര ധനസഹായത്തോടെയുള്ള ചുവടെ കൊടുത്തിരിക്കുന്ന പദ്ധതികളും പട്ടികജാതിക്കാർക്കായി നടപ്പിലാക്കി വരുന്നു.

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്.
2. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

3. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി)
4. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ
5. 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)
6. പ്രധാനമന്ത്രി ആവാസ് യോജന പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)
7. എൻ.ആർ.എൽ.എം. (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)

## പട്ടികവർഗ്ഗ വിഭാഗം

1. ഭൂമിവാങ്ങി നൽകൽ പദ്ധതിപ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 25 സെന്റ് മുതൽ ഒരേക്കർ ഭൂമി വരെ വാങ്ങി നൽകുന്നു.
2. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം) മുഖേന ഭൂരഹിതരായ പട്ടകവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി മുതൽ പരാമാവധി 5 ഏക്കർ വരെ നൽകുന്നു.
3. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിവിധ പദ്ധതികളിലുൾപ്പെടുത്തി വീടൊന്നിന് 3.50 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് അനുവദിച്ചു.
4. ഭവന പുനരുദ്ധാരണം - പട്ടികവർഗ്ഗ വികസന വകുപ്പും, വിവിധ സർക്കാർ ഏജൻസികളും മുമ്പ് അനുവദിച്ചു നൽകിയതും, നിലവിൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും, അറ്റകുറ്റപണി, നവീകരണം എന്നിവയ്ക്കായി പരമാവധി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു.
5. അടിപണിയ പാക്കേജ് പദ്ധതിയിലൂടെ അടിയൻ, പണിയൻ, പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ വികസന പദ്ധതികൾ, വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം, അഗതി മന്ദിരങ്ങളുടെ പ്രവർത്തനം എന്നിവ നടപ്പിലാക്കി വരുന്നു.
6. ഭക്ഷ്യ സഹായ പദ്ധതി - ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി സംസ്ഥാനത്തുള്ള എല്ലാ ജില്ലകളിലേയും ആവശ്യമുള്ള പട്ടികവർഗ്ഗ മേഖലയിൽ തൊഴിൽ ലഭ്യമാക്കുകയും അതുവഴി അവർക്ക് വേതനം പണമായും ഭക്ഷ്യധാന്യങ്ങളായും നൽകുകയും ചെയ്യുന്നു. ഇതുകൂടാതെ ഓണത്തിനും അതുപോലെയുള്ള പ്രത്യേക അവസരങ്ങളിലും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആഹാരപായ്ക്കറ്റുകൾ വിതരണം ചെയ്യുന്നു.
7. പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായ പദ്ധതി പ്രകാരം 50,000/- രൂപ വീതം ഒരു കുടുംബത്തിന് പ്രായപൂർത്തിയായ പെൺകുട്ടികൾക്ക് ധനസഹായം നൽകുന്നു.
8. മിശ്രവിവാഹം മൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗ ദമ്പതികൾക്ക് 50,000 രൂപ ധനസഹായം നൽകുന്നു.
9. അരിവാൾ രോഗികൾക്ക് സാന്ത്വനം-പ്രതിമാസം 2000 രൂപ നൽകി വരുന്നു.
10. കൈത്താങ്ങ് - മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത അനാഥരും അശരണരുമായ പട്ടിക വർഗ്ഗ കുട്ടികൾക്ക് പ്രതിമാസം 1000 രൂപ നൽകി വരുന്നു.
11. ജനനി ജന്മ രക്ഷ-ഗർഭിണിയായതിനുശേഷമുള്ള 3 മാസം മുതൽ കുട്ടിയ്ക്ക് 1 വയസ്സാകുന്നതുവരെ 18 മാസക്കാലം പ്രതിമാസം 1000 രൂപ വീതം അനുവദിക്കുന്നു.
12. വംശീയ വൈദ്യന്മാർക്കുള്ള ധനസഹായം പ്രതിവർഷം 10,000 രൂപ അനുവദിച്ചു വരുന്നു.

13. അതിക്രമങ്ങൾക്ക് ഇരയായവർക്കുള്ള ധനസഹായം.
14. ഭാരത ദർശൻ/വിനോദയാത്രയും പഠനയാത്രയും-പിവിറ്റിജി വിഭാഗത്തിൽ നിന്നും എസ്.എസ്.എൽ.സി പാസ്സാകുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കായി ഇൻഡ്യൻ റെയിൽവേ മുഖേന നേരിട്ട് നടപ്പാക്കുന്ന പദ്ധതിയാണ് ഭാരതദർശൻ. ടി വിഭാഗ ത്തിൽ നിന്നും 30 ആൺകുട്ടികളെയും 30 പെൺകുട്ടികളെയും മികവിന്റെ അടി സ്ഥാനത്തിൽ തെരഞ്ഞെടുത്താണ് പദ്ധതി നടപ്പാക്കുന്നത്. കൂടാതെ +2, ബിരുദം, ബിരുദാനന്തര ബിരുദം , പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനം വഴി പഠനയാത്രയ്ക്ക് വേണ്ടിവരുന്ന ധനസഹായവും നൽകി വരുന്നു.
15. പ്രീമെട്രിക് ഹോസ്റ്റലിലെയും, എം.ആർ.എസ്സുകളിലെയും കുട്ടികൾക്കുള്ള മെസ്സ് ചാർജ്ജ്, വസ്ത്രം, നോട്ട് ബുക്ക്/സ്റ്റേഷനറി, പത്രങ്ങളും ആനുകാലിക പ്രസിദ്ധീകര ണങ്ങളും, സോപ്പ്, എണ്ണ തുടങ്ങിയവ, തോർത്ത്, ചീപ്പ്, ബസ് കൂലി, കലാ കായിക ഉപകരണങ്ങൾ, മുടി വെട്ടുന്നതിന്, ചികിൽസാചെലവ്, ബെഡ്ഷീറ്റ്, ബാഗ്, ചെരുപ്പ്, കുട, നൈറ്റ് ഡ്രസ്സ്, കമ്പിളി(വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിൽ മാത്രം).
16. പെരിപ്പതറ്റിക്/ഏകാധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്ക് പ്രതിവർഷം യൂണിഫോം അലവൻസ്, കുട്ടികളുടെ പ്രതിദിന ഭക്ഷണ ചെലവ് എന്നിവ നൽകി വരുന്നു.
17. അംഗീകൃത യൂണിവേഴ്സിറ്റിയിൽ/സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സ് പഠി ക്കുന്ന പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് ലാപ്ടോപ്പ് നൽകി വരുന്നു. (ഒരു കുട്ടിയ്ക്ക് ഒരു ലാപ് ടോപ്പ്)
18. സൗജന്യ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 14 വയസ്സുവരെയുള്ള പട്ടികവർഗ്ഗ കുട്ടികൾക്ക് ദുർഘട മേഖല/വന പ്രദേശങ്ങളിൽ യാത്രാ സൗകര്യം അനുവദിച്ചു.
19. ബോർഡിംഗ് ഗ്രാന്റ്- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ളതും സന്നദ്ധ സംഘടനകൾ നടത്തുന്നതുമായ ഹോസ്റ്റലുകളിൽ അന്തേവാസികളായ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ്/യൂണിഫോം അലവൻസ് എന്നിവ നൽകി വരുന്നു. 1 മുതൽ 10 വരെയുള്ള കുട്ടികൾക്ക് 700 രൂപയും പ്ലസ് വൺ പ്ലസ് ടു വിദ്യാർത്ഥികൾക്ക് 800 രൂപയും 1 മുതൽ 8 വരെയുള്ള കുട്ടികൾക്ക് യൂണിഫോം നൽകുന്നതിന് 500 രൂപയും 8 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്ക് 700 രൂപയും നൽകി വരുന്നു.
20. സമർത്ഥരായ വിദ്യർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, അക്കാഡമിക് കലാ കായിക മൽസരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.ൽ.സി, +2 പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസിൽ പാസാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/, 6000/ രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.
21. സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5ാം ക്ലാസ് മുതലുള്ള തുടർപഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 4ാം ക്ലാസിൽ പഠിക്കുന്ന മിടുക്കരായ പട്ടികവർഗ വിദ്യാർത്ഥികളെ ഒരു മൽസര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തു വരുന്നു. 5ാം ക്ലാസിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് 5,900/- രൂപയും 6 മുതൽ 10 വരെ

* ക്ലാസുകളിൽ പഠിക്കുന്ന ഒരോ വിദ്യാർത്ഥിക്കും 4,900/- രൂപ വീതവും സ്കോളർഷിപ്പായി ലഭിക്കുന്നു.

22. 11-ാം ക്ലാസിലും 12-ാം ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരൽ കോളേജിൽ/ട്യൂഷൻ സെന്ററിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിലേക്കായി പ്രതിമാസ ട്യൂഷൻ ഫീസും വർഷാവസാന പരീക്ഷക്ക് മുമ്പായി എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുകയും ചെയ്യുന്നു.
23. സ്വയം തൊഴിൽ പദ്ധതികൾക്ക് ധനസഹായം നൽകി വരുന്നു.
24. പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

സെക്ഷൻ ഓഫീസർ